## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439     11.12.2012 ലെ മറുപടിക്ക്

### ജനശതാബ്ദി എക്സ്പ്രസ്സിലെ സീറ്റുകളുടെ ലഭ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ രാജേഷ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ വഴി പോകുന്ന ജനശതാബ്ദി എക്സ്പ്രസ്സിലെ സീറ്റുകളുടെ ലഭ്യതയനുസരിച്ച് തിരുവനന്തപുരത്തേയ്ക്കും, തൃശ്ശൂരിലേയ്ക്കുമുള്ള ടിക്കറ്റുകൾ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. ജനശതാബ്ദി എക്സ്പ്രസ് മുഴുവനായി റിസർവ്ഡ് ആയിട്ടുള്ള ട്രെയിനാണ്. റിസർവേഷൻ ചാർട്ട് ഇട്ടതിനുശേഷം ഈ ട്രെയിനിൽ മിച്ചമുള്ള സീറ്റുകളാണ് അൺറിസർവ്ഡ് ടിക്കറ്റ് കൗണ്ടറുകൾ വഴി ലഭിക്കുന്നത്. മിക്കദിവസവും എല്ലാ സീറ്റുകളും നിറഞ്ഞാണ് ഈ ട്രെയിൻ ഓടുന്നത്. |
| (ബി) | 200 കിലോമീറ്റർ ദൂരപരിധി നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് മേൽപ്പറഞ്ഞ സ്ഥലങ്ങളിലേയ്ക്കുള്ള യാത്രക്കാരുടെ ബുദ്ധിമുട്ടും റെയിൽവേയ്ക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടവും മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ജനശതാബ്ദി എക്സ്പ്രസിന് 200കി.മി ദൂരപരിധി നിശ്ചയിച്ചിട്ടില്ലാ എന്ന് റയിൽവേയിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ